പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4955 22.05.2017-ലെ മറുപടിക്ക്

ശബരി റയിൽ പ്രോജക്ട്

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ശബരി റയിൽ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നടപടി ക്രമങ്ങൾ ഏതു വരെയായി ; ഇതിനായി സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; | (എ) | നിർദ്ദിഷ്ട അങ്കമാലി - ശബരി റെയിൽപാത കോട്ടയം ജില്ലയിൽ പതിമൂന്നോളം വില്ലേജുകളിൽ കൂടിയാണ് കടന്നു പോകുന്നത്. ഇതിൽ മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ച് റെയിൽവേ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പ്രത്യേക പൊന്നുംവില കാര്യാലയങ്ങൾ ഇല്ലാത്തതിനാലാണ് നടപടികൾ വൈകുന്നത്.<br>കോട്ടയം ജില്ലയിൽ ഭൂമി ഏറ്റെടുത്തിട്ടില്ല. എറണാകുളം ജില്ലയിൽ അഞ്ചു വില്ലേജുകളിലായി അങ്കമാലി - 2.88 ഹെക്ടർ; നെടുമ്പാശ്ശേരി - 4.78 ഹെക്ടർ; മറ്റൂര് - 10.23 ഹെക്ടർ; വടക്കുഭാഗം - 5.33 ഹെക്ടർ; ചേലാമറ്റം - 1.17 ഹെക്ടർ ഉൾപ്പെടെ ആകെ 24.39 ഹെക്ടർ വിസ്തീർണ്ണത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഭൂമി ഏറ്റെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന -കേന്ദ്ര സർക്കാർ വിഹിതത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ? | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കോട്ടയം ജില്ലയിൽ കേന്ദ്ര വിഹിതമായി രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ കേന്ദ്ര വിഹിതമായി ലഭിച്ച 39,15,11,977/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ